**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3345** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഇക്കോ ടൂറിസം കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ വർഷത്തിൽ നിരവധി ദിവസം അടഞ്ഞുകിടക്കുന്നത് മേഖലയിലെ ടൂറിസം സാധ്യതകളെ ദോഷകരമായി ബാധിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | വയനാട് ജില്ലയിൽ 9 ഇക്കോട്ടൂറിസം സെന്ററുകളാണ് നിലവിലുള്ളത്. തീവ്രമഴ, കാട്ടുതീ പടരുന്ന സാഹചര്യം, വന്യജീവി സംഘർഷം തുടങ്ങിയ സന്ദർഭങ്ങളിൽ സഞ്ചാരികളുടെ സുരക്ഷയെ മുൻനിർത്തി ടൂറിസം സെന്ററുകൾ ചിലപ്പോൾ അടച്ചിടേണ്ടി വരാറുണ്ട്.<br><br>കബനി നദിയിലുള്ള പാക്കം-കുറുവ ദ്വീപ്, സൂചിപ്പാറ വെള്ളച്ചാട്ടം, ചെമ്പ്ര ട്രക്കിംങ്, ബാണാസുരമല-മീൻമുട്ടി വെള്ളച്ചാട്ടം, കാറ്റുകുന്ന് ആനച്ചോല ട്രക്കിംങ് എന്നിവ തീവ്ര മഴയുള്ളതും ചുവപ്പ് മുന്നറിയിപ്പ് ഉള്ളതുമായ ദിവസങ്ങളിൽ അടച്ചിടേണ്ടിവരുന്നുണ്ട്.<br><br>കൂടാതെ 2020-21 വർഷത്തിൽ കോവിഡ് മൂലവും, 2024-25 വർഷത്തിൽ ബഹു.കേരള ഹൈക്കോടതിയുടെ 16.02.2024-ലെ WPC-13204/2024(S) നമ്പർ കേസിലെ ഇടക്കാല ഉത്തരവു പ്രകാരവും പ്രത്യേക കാലയളവുകളിൽ ടൂറിസം കേന്ദ്രങ്ങൾ അടച്ചിടേണ്ടി വന്നിട്ടുണ്ട്.<br><br>ഇക്കോട്ടൂറിസം സെന്ററുകൾ അടച്ചിടുമ്പോൾ സാധാരണ നിലയിലുള്ള വരുമാന നഷ്ടത്തിനു പുറമേ ഇക്കോട്ടൂറിസം സെന്ററുകളിൽ ജോലി ചെയ്തുവരുന്ന വനാശ്രിത വിഭാഗങ്ങളിൽപ്പെടുന്നതുൾപ്പെടെയുള്ള ജീവനക്കാരുടെ വരുമാനം കൂടി നഷ്ടപ്പെടുന്നുണ്ട്. കൂടാതെ ഈ മേഖലയിലുള്ള വ്യാപാര സ്ഥാപനങ്ങൾക്കും, വരുമാന നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ ജില്ലയിലെ ഓരോ ഇക്കോ ടൂറിസം കേന്ദ്രങ്ങളും അടച്ചിട്ട ദിവസങ്ങളുടെ എണ്ണം വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ ജില്ലയിലെ ഓരോ ഇക്കോ ടൂറിസം കേന്ദ്രങ്ങളും അടച്ചിട്ട ദിവസങ്ങളുടെ എണ്ണം സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു |
| (സി) | ഇക്കോ ടൂറിസം കേന്ദ്രങ്ങൾ കൂടുതൽ ദിവസം സഞ്ചാരികൾക്ക് തുറന്നു കൊടുക്കുന്നതിനായി | (സി) | സഞ്ചാരികളുടെ സുരക്ഷയെ മുൻനിർത്തി, പ്രതികൂല കാലാവസ്ഥ നിലനിൽക്കുന്ന |

| | | | |
|---|---|---|---|
| | അനുയോജ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | സാഹചര്യങ്ങളിലൊഴികെ മറ്റെല്ലാ ദിവസങ്ങളിലും ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട് |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | ഇക്കോ ടൂറിസം സെന്ററിന്റെ പേര് | കഴിഞ്ഞ 5 വർഷ കാലയളവിൽ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ അടച്ചിട്ട ദിവസങ്ങളുടെ എണ്ണം |
|---|---|---|
| 1 | മീൻമുട്ടി | 417 |
| 2 | മുനീശ്വരൻ കുന്ന് | 572 |
| 3 | ബ്രഹ്മഗിരി | 643 |
| 4 | പാക്കം- കുറുവ | 864 |
| 5 | ചെമ്പ്ര | 799 |
| 6 | ബാണാസുരമല-മീൻമുട്ടി | 763 |
| 7 | സൂചിപ്പാറ | 818 |
| 8 | തോൽപ്പെട്ടി | 313 |
| 9 | മുത്തങ്ങ | 474 |